**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1978 — 08-12-2014-ൽ മറുപടിയ്ക്ക്

## വിദേശമദ്യത്തിൻെറ ഉത്പാദനം

**ചോദ്യം:**

ശ്രീ. ഇ. പി. ജയരാജൻ
ശ്രീ. എ.കെ. ബാലൻ
ശ്രീ. കെ. ദാസൻ
ശ്രീ. എസ്. ശർമ്മ

**ഉത്തരം:**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വീര്യം കൂടിയ വിദേശമദ്യത്തിൻെറ ഉത്പാദനം സംസ്ഥാനത്ത് നിർത്തലാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച സർക്കാരിൻെറ നിലപാട് പ്രഖ്യാപിത മദ്യനയത്തിൻെറ അടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ; ഇതിൻെറയടിസ്ഥാനത്തിൽ ഏതെല്ലാം ഡിസ്റ്റിലറികളുടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്; | (എ) | ഇല്ല; മദ്യത്തിൻെറ ഉത്പാദനവും ലഭ്യതയും കുറച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഡിസ്റ്റിലറികൾ നിർത്തലാക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനങ്ങളൊന്നും തന്നെ എടുത്തിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് ഇപ്പോൾ വിദേശ മദ്യം ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾവഴി പ്രതിവർഷം എന്തുമാത്രം; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br>1) എസ്.ടി.ഡി, നെയ്യാറ്റിൻകര.<br>2) ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ്, തിരുവല്ല.<br>3) യുണൈറ്റഡ് സ്പിരിറ്റ്സ്, ചേർത്തല.<br>4) കാസനോവ ഡിസ്റ്റിലറി, കോട്ടയം.<br>5) ദേവികുളം ഡിസ്റ്റിലറീസ്, കാക്കനാട്.<br>6) ഇൻഡോ സ്കോട്ടിഷ് ബ്രാൻഡ് പ്രൈവറ്റ് ലിമിറ്റഡ്, ഡിസ്റ്റിലറി, കൊച്ചി.<br>7) പോൾസൺ ഡിസ്റ്റിലറി, തൃശ്ശൂർ.<br>8) സെവൻസീസ് ഡിസ്റ്റിലറി, മണ്ണുത്തി.<br>9) കെയ്സി ഡിസ്റ്റിലറി, പുതുക്കാട്.<br>10) എസ്.ഡി.എഫ് ഇൻഡസ്ട്രീസ്, പാമ്പാടി.<br>11) എലൈറ്റ് ഡിസ്റ്റിലറീസ്, മുണ്ടൂർ.<br>12) അമൃത് ഡിസ്റ്റിലറി, പാലക്കാട്.<br>13) എം.പി ഡിസ്റ്റിലറി, കഞ്ചിക്കോട്.<br>14) കേരളാ ആൾക്കഹോളിക് പ്രോഡക്ട്സ്, മീനാക്ഷിപുരം.<br>15) ഇംപീരിയൽ സ്പിരിറ്റ്സ്, ഗോവിന്ദപുരം.<br>16) യുണൈറ്റഡ് സ്പിരിറ്റ്സ്, പാലക്കാട്.<br>17) യുണൈറ്റഡ് ഡിസ്റ്റിലറി, വെങ്ങാലിപ്പാറ.<br>18) കെ.എസ് ഡിസ്റ്റിലറി, കണ്ണൂർ.<br>19)നോർമണ്ടി ബ്രൂവറീസ് & ഡിസ്റ്റിലറീസ് പ്രൈവറ്റ് ലിമിറ്റഡ്, ചീമേനി. |

| | | | |
|---|---|---|---|
| | | | ഈ സ്ഥാപനങ്ങളിൽ നിന്നും പ്രതിവർഷം ശരാശരി 2.5 കോടി കെയ്സ് വിദേശ മദ്യം ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. |
| (സി) | വിദേശമദ്യത്തിന്റെ വില്പന യ്ക്കും വിതരണത്തിനും ആർക്കെല്ലാമാണിപ്പോൾ അവകാശം നൽകിയിരിക്കുന്നത് ? | (സി) | വിദേശമദ്യത്തിന്റെ വില്പനയ്ക്കും വിതരണത്തിനും കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന് മാത്രമാണ് അവകാശം നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ